താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

122 (127) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലും, ഹയർ സെക്കന്ററിയിലും, വൊക്കേഷണൽ ഹയർ സെക്കന്ററിയിലുമായി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന എത്ര പേരുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വി.എച്ച്. എസ്.സി. പരീക്ഷകളിൽ ഇവിടുത്തെ വിജയ ശതമാനം എത്രയായിരുന്നെന്ന് വിശദമാക്കാമോ ;

(ഡി) ഈ സ്ഥാപനത്തിൽ അധ്യാപക-അധ്യാപകേതര ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) താനൂർ ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 42 കുട്ടികളും വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 173 കുട്ടികളും, ഹയർസെക്കണ്ടറി വിഭാഗത്തിൽ 520 കുട്ടികളും പഠിക്കുന്നു.

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ പഠിച്ചുവരുന്ന 42 പേരും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നു.

(സി) 2014-15 വർഷത്തിൽ എസ്.എസ്.എൽ.സി.ക്ക് 100 ശതമാനവും വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 54.76 ശതമാനവും ഹയർസെക്കന്ററി വിഭാഗത്തിൽ 83 ശതമാനവുമായിരുന്നു വിജയം.

(ഡി) ഹൈസ്കൂൾ വിഭാഗത്തിൽ 8 അദ്ധ്യാപകർ (1 ദിവസ വേതനം), 1 ഹെഡ്മിസ്ട്രസ്സ്, 7 അനദ്ധ്യാപകർ (4 ദിവസ വേതനം) എന്നിവരും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 13 അദ്ധ്യപകരും (4 ദിവസ വേതനം) 3 ലാബ് അസിസ്റ്റന്റുമാരും 2 മിനിസ്റ്റീരിയൽ ജീവനക്കാരും, ഹയർസെക്കന്ററി വിഭാഗത്തിൽ 22 അദ്ധ്യാപകരും (9 ദിവസ വേതനം) 2 ലാബ് അസിസ്റ്റന്റുമാരും ജോലി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly